"ഭരണഭാഷ – മാതൃഭാഷ"

**വ്യാവസായിക പരിശീലന വകുപ്പ്**

**(കേരള സംസ്ഥാനം)**

**ജോയിന്റ് ഡയറക്ടറുടെ നടപടിക്രമം**

**(നിലവിൽ: ഷമ്മി ബേക്കർ.എ)**

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - ട്രെയിനിംഗ് ഡയറക്ടറേറ്റ് - ജീവനക്കാര്യം - സീനിയർ ഇൻസ്ട്രക്ടറുടെ അന്തിമ ഗ്രഡേഷൻ ലിസ്റ്റ് പ്രസിദ്ധീകരിച്ചത് - പരാതികളും, യോഗ്യത കൂട്ടിച്ചേർക്കുന്നതും തുടങ്ങിയ അപേക്ഷകൾ ലഭിച്ചത് - അനോമലി പരിഹരിച്ച് ഉത്തരവാകുന്നത് - സംബന്ധിച്ച്

പരാമർശം:- 1. ജോയിന്റ് ഡയറക്ടറുടെ 12-02-2024 ലെ DT/4202/2023-A2 നമ്പർ ഉത്തരവ്
2. വിവിധ ഐടിഐകളിൽ നിന്ന് ലഭിച്ച പരാതികളും, യോഗ്യത കൂട്ടിച്ചേർക്കുന്നതിന് ലഭിച്ച അപേക്ഷകളും
3. ജോയിന്റ് ഡയറക്ടറുടെ 28-05-2024 ലെ DT/4202/2023-A2 നമ്പർ ഉത്തരവ്

**ഉത്തരവ് നമ്പർ: DT/4202/2023-A2 തീയതി: 26-07-2024**

പരാമർശം (1) പ്രകാരം സീനിയർ ഇൻസ്ട്രക്ടറുടെ അന്തിമ ഗ്രഡേഷൻ ലിസ്റ്റ് പ്രസിദ്ധീകരിച്ചിരുന്നു. ടി ഗ്രഡേഷൻ ലിസ്റ്റുമായി ബന്ധപ്പെട്ട് പരാമർശം (2) പ്രകാരം ലഭിച്ച പരാതികളും, യോഗ്യത കൂട്ടിച്ചേർക്കുന്നതും തുടങ്ങിയ അപേക്ഷകൾ ലഭിച്ചത് പരാമർശം (3) പ്രകാരം പരിശോധനയ്ക്കായി ലഭ്യമാക്കിയിരുന്നു. ആയത് അനുസരിച്ച് ലഭിച്ച റിപ്പോർട്ട് പ്രകാരം ചുവടെ ചേർക്കുന്ന രീതിയിൽ പരാതി പരിഹരിച്ച് ഉത്തരവാകുന്നു.

**1. ശ്രീ. റോയ് പി വി, സീനിയർ ഇൻസ്ട്രക്ടർ, ഐടിഐ കോഴിക്കോട്**

അന്തിമ ഗ്രഡേഷൻ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല എന്നാണ് ടിയാളുടെ പരാതി. ജൂനിയർ ഇൻസ്ട്രക്ടർ തസ്തികയിൽ ക്രമ നമ്പർ 660 ആയ ശ്രീ. റോയ് പി. വി-യ്ക്ക് 16.12.2012 പ്രാബല്യത്തിൽ സ്ഥാനക്കയറ്റം അനുവദിച്ചിട്ടുണ്ട്. അന്തിമ ഗ്രഡേഷൻ ലിസ്റ്റ് പരിശോധിച്ചതിൽ ക്രമ നമ്പർ 704 ആയി രേഖപ്പെടുത്തിയിരിക്കുന്ന വിവരങ്ങളിൽ ജീവനക്കാരന്റെ പേര് ഒഴികെയുള്ള വിവരങ്ങൾ ശ്രീ. റോയ്. പി.വി-യുടേതാണ്. ടി ലിസ്റ്റിൽ ക്രമ നമ്പര് 688 ആയി ഉൾപ്പെട്ടിട്ടുള്ള ശ്രീമതി ഫാത്തിമ ഖാദറിന്റെ പേര് ആണ് ക്രമ നമ്പർ 704-ൽ ആവർത്തിച്ചിരിക്കുന്നത്. ജൂനിയർ ഇൻസ്ട്രക്ടർ തസ്തികയിലെ ഗ്രഡേഷൻ ലിസ്റ്റിൽ ശ്രീ. റോയ് പി.വി-യുടെ സീനിയർ ആയ ശ്രീമതി. ഹസീന. പി.എ (ക്രമ നമ്പർ. 758) ശ്രീ. റോയ് പി.വി-യുടെ തൊട്ടടുത്ത ജൂനിയർ ആയ ശ്രീ. സതീഷ്. കെ.ജി (ക്രമ നം.761) എന്നിവർക്കിടയിലായി സീനിയർ ഇൻസ്ട്രക്ടർ തസ്തികയിൽ ശ്രീ. റോയ്.പി.വി-യ്ക്ക് സീനിയോരിറ്റിയ്ക്ക് അർഹതയുണ്ട്. ടി സാഹചര്യത്തിൽ സീനിയർ ഇൻസ്ട്രക്ടർ തസ്തികയിലെ ഗ്രഡേഷൻ ലിസ്റ്റിൽ മേൽപറഞ്ഞ ജീവനക്കാർക്ക് ഇടയിൽ ക്രമ നമ്പർ. 704 ആയി നല്കിയിരിക്കുന്ന വിവരങ്ങളിൽ ജീവനക്കാരന്റെ പേര് റോയ്. പി.വി- എന്നു തിരുത്തൽ വരുത്തി ടിയാളുടെ പരാതി പരിഹരിക്കുന്നു.

**2. താഴെപ്പറയുന്ന ജീവനക്കാര് ജീവനക്കാർ തങ്ങളുടെ സ്ഥാനക്കയറ്റ തീയതി തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു എന്ന് പരാതിപ്പെട്ടിരിക്കുന്നു.**

| ക്രമ നം | ജീവനക്കാരുടെ പേര് | ഗ്രഡേഷൻ ലിസ്റ്റിലെ ക്രമ നം. | ഐടിഐ |
|---|---|---|---|
| 1 | ശ്രീമതി. സജിന.എൽ | 1013 | ഐടിഐ (വനിത) കഴക്കൂട്ടം |

| | | | |
|---|---|---|---|
| 2 | ശ്രീമതി. ബീജ.എൽ | 1038 | ഐടിഐ (വനിത) കഴക്കൂട്ടം |
| 3 | ശ്രീമതി. സോമലത ജി | 1483 | ഐടിഐ (വനിത) കഴക്കൂട്ടം |
| 4 | ശ്രീമതി. ആഷ്ലി ജോൺ | 1477 | ഐടിഐ (വനിത) കഴക്കൂട്ടം |
| 5 | ശ്രീ ജാഫർ ജമാൽ | 1517 | ഐടിഐ ചാലക്കുടി |
| 6 | ശ്രീമതി. രേഖ. കെ.സി | 832 | ഐടിഐ ചാലക്കുടി |
| 7 | ശ്രീമതി.സുബിന.കെ.ബി | 1031 | ഐടിഐ ചാലക്കുടി |
| 8 | ശ്രീ സത്യൻ. വി.ബി | 874 | ഐടിഐ ചാലക്കുടി |
| 9 | ശ്രീമതി. ബിന്ദു എ.എൻ | 1088 | ഐടിഐ ചാലക്കുടി |
| 10 | ശ്രീമതി.നജീബാ ജാൻ.കെ.എ | 870 | ഐടിഐ ചാലക്കുടി |
| 11 | ശ്രീമതി. ഷീജ.ടിഎ | 1011 | ഐടിഐ ചാലക്കുടി |
| 12 | ശ്രീ. പ്രജോദ് കുമാർ. ഐ.കെ | 1122 | ഐടിഐ ചാലക്കുടി |
| 13 | ശ്രീമതി. ഷീജ ബാലൻ | 941 | ഐടിഐ മണിയൂർ |
| 14 | ശ്രീ. അബ്ദുള്ള നല്ലവീട്ടിൽ | 734 | ഐടിഐ പിണറായി |
| 15 | ശ്രീ. പവിത്രൻ.പി | 838 | ഐടിഐ പിണറായി |
| 16 | ശ്രീ. മഹേഷ് വടവതി | 839 | ഐടിഐ പിണറായി |
| 17 | ശ്രീമതി. ഷനിതാ എസ് | 1024 | ഐടിഐ പിണറായി |
| 18 | ശ്രീ. പ്രവീൺ കുമാർ ഇ ആർ | 1036 | ഐടിഐ ഏറ്റുമാനൂർ |
| 19 | ശ്രീ ആർബി ജോൺസൺ | 907 | ഐടിഐ ഏറ്റുമാനൂർ |
| 20 | ശ്രീ അരുൺ കുമാർ പി ഡി | 1116 | ഐടിഐ ഏറ്റുമാനൂർ |
| 21 | ശ്രീ സുഭാഷ് കെ വി | 966 | ഐടിഐ ഏറ്റുമാനൂർ |
| 22 | ശ്രീ രാജേഷ് എ | 1023 | ഐടിഐ ഏറ്റുമാനൂർ |

ഡിടി/4202/2023-എ2 നമ്പരായ 24-11-2023-ലെ ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ചിരുന്ന ഗ്രഡേഷൻ ലിസ്റ്റിൽ വിവിധ ഉത്തരവുകൾ പ്രകാരം സീനിയർ ഇൻസ്ട്രക്ടർ തസ്തികയിലെ 14 ജീവനക്കാർക്ക് സ്ഥാനക്കയറ്റ പ്രാബല്യ തീയതി മാറ്റിനല്കിയതിന്റെ വിവരങ്ങളും നല്കിയ തീയതിയും വ്യക്തമാക്കിയിരുന്നു. ആയത് മറ്റ് ജീവനക്കാർക്ക് സ്ഥാനക്കയറ്റം നല്കിയിരുന്ന പ്രാബല്യ തീയതിയിൽ മാറ്റം വരുന്നതിനു കാരണമായിട്ടുണ്ട്.

KS&SSR ചട്ടം 28 (A) പ്രകാരം " Provided that a Probation in a Class, Category or

grade shall not be superseded for promotion to a higher class, category or grade by this Junior, if the vacancy in the higher class category or grade arises with in the period specified in the Special Rule for completion of probation to the class, category for grade in which the probationer and if he has passed the test or test prescribed for successful completion of probation and in other wise eligible and suitable for such promotion". എന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. ആയതിനാൽ അനുവദനീയമായ പ്രബേഷൻ കാലയളവിനകത്ത് (ആദ്യത്തെ മൂന്ന് വർഷത്തിലെ സർവ്വീസിലെ തുടർച്ചയായ രണ്ട് വർഷം) പ്രബേഷൻ പൂർത്തിയാക്കിയ ജീവനക്കാരുടെ സീനിയോരിറ്റി മറികടന്ന് മേൽ പറഞ്ഞ ജീവനക്കാർക്ക് സീനിയോരിറ്റി അനുവദിക്കാൻ കഴിയില്ല.

3. ശ്രീ. പ്രസാദ്.ബി, സീനിയർ ഇൻസ്ട്രക്ടർ ( 1158)

ജൂനിയർ ഇൻസ്ട്രക്ടർ തസ്തികയിൽ ടിയാളുടെ ജൂനിയർ ആയ ശ്രീ. സ്റ്റീഫൻ ജയിംസ്, സീനിയർ ഇൻസ്ട്രക്ടർ ഗ്രഡേഷൻ ലിസ്റ്റിൽ ടിയാൾക്കു മുന്നേ ക്രമ നമ്പർ 1157 ആയി സ്ഥാനം നൽകിയിരിക്കുന്നു എന്നതാണ് പരാതി. KSCTSSR ചട്ടം 3(2) പ്രകാരം സീനിയർ ഇൻസ്ട്രക്ടർ തസ്തികയിലെ ഓരോ നാലാമത്തെ ഒഴിവിലും ഡിപ്ലോമ യോഗ്യതയുള്ള ജീവനക്കാർക്ക് സ്ഥാനക്കയറ്റം നൽകുന്നതിന് സംവരണം ചെയ്തിരിക്കുന്നു. ശ്രീ. പ്രസാദ്.ബി NTC യോഗ്യതയുള്ള ജീവനക്കാരനും ടിയാളുടെ ഊഴത്തിന് മുന്നേ സീനിയർ ഇൻസ്ട്രക്ടർ തസ്തികയിൽ ഡിപ്ലോമ ക്വാട്ടയ്ക്ക് മാറ്റി വയ്ക്കപ്പെട്ട ഒഴിവിലേയ്ക്ക് ഡിപ്ലോമ യോഗ്യതയുള്ള Sri. Stephen James- നെ പരിഗണിച്ചതിൽ അപാകതയില്ല.

4. ശ്രീ. സുബിൻസൺ. സി. കെ, സീനിയർ ഇൻസ്ട്രക്ടർ (959)

ക്രമ നം.957 ആയി ഡിപ്ലോമ ക്വാട്ടയിൽ ശ്രീമതി. സിന്ധു. എസ്.കെ-യ്ക്ക് സ്ഥാനം നിർണ്ണയിച്ചത് അപാകതയാണ് എന്ന് ടിയാൾ ചൂണ്ടിക്കാട്ടിയിരിക്കുന്നു. ശ്രീമതി. സിന്ധു. എസ്.കെ. ഡിപ്ലോമ യോഗ്യതയോടുകൂടി ജൂനിയർ ഇൻസ്ട്രക്ടർ തസ്തികയിൽ സേവനത്തിൽ പ്രവേശിച്ചയാളാണ്. ആയതിനാൽ ടിയാൾക്ക് ഡിപ്ലോമ ക്വാട്ടയിലെ ഊഴത്തിൽ സ്ഥാനക്കയറ്റം അനുവദിച്ചതിൽ അപാകതയില്ല.

5. ശ്രീ. മുഹമ്മദ് ഷാഫി. എം, സീനിയർ ഇൻസ്ട്രക്ടർ (842)

സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ചില ജീവനക്കാരുടെ സീനിയോറിറ്റി ക്രമീകരിക്കേണ്ടി വന്നതിനാൽ ടിയാളുടെ സ്ഥാനക്കയറ്റ പ്രാബല്യത്തീയതി പുന:ക്രമീകരിക്കേണ്ടി വന്നിട്ടുണ്ട്. സീനിയർ ഇൻസ്ട്രക്ടർ തസ്തികയിലെ ഓരോ നാലാമത്തെ ഒഴിവും ഡിപ്ലോമ യോഗ്യതയുള്ള ജീവനക്കാർക്ക് മാറ്റി വച്ചിട്ടുണ്ട്. സ്ഥാനക്കയറ്റം അനുവദിച്ച സമയത്ത് ശ്രീ മുഹമ്മദ് ഷാഫി കെ-യുടെ ഊഴം ഡിപ്ലോമ ക്വാട്ടയിലാണ് വന്നിട്ടുള്ളത്. എന്നാൽ മറ്റ് ചില ജീവനക്കാരുടെ സീനിയോറിറ്റി ക്രമീകരിച്ചപ്പോൾ ശ്രീ മുഹമ്മദ് ഷാഫി കെ-യുടെ ഊഴം ഡിപ്ലോമ ക്വാട്ടയുടെ മുന്നിലായി ജനറൽ ക്വാട്ടയിൽ ഉൾപ്പെട്ടു. ഇതിൽ അപാകതയില്ല.

6. ശ്രീ. പ്രവീൺകുമാർ ദേവ്, സീനിയർ ഇൻസ്ട്രക്ടർ (682)

ടിയാൾക്ക് 01.05.2012 പ്രാബല്യത്തിൽ സീനിയർ ഇൻസ്ട്രക്ടർ തസ്തികയിൽ സ്ഥാനക്കയറ്റത്തിന് അർഹതയുണ്ട്. 12.02.2024-ലെ ഡിറ്റി/4202/2023-എ2 നമ്പർ ഉത്തരവിൽ പേജ്-15-ൽ ആയത് തെറ്റായി 01.05.2014 എന്ന് രേഖപ്പെടുത്തിയിരുന്നു. ആയത് 01.05.2012 എന്ന് തിരുത്തൽ വരുത്തുന്നു. ഗ്രഡേഷൻ ലിസ്റ്റിൽ ടിയാനെ അർഹമായ സ്ഥാനത്ത് ക്രമീകരിച്ചിട്ടുള്ളതിനാൽ ഗ്രഡേഷൻ ലിസ്റ്റിൽ മറ്റ് മാറ്റങ്ങൾ ആവശ്യമില്ല.

7. ശ്രീ. ജയമോഹൻ.കെ, സീനിയർ ഇൻസ്ട്രക്ടർ (697)

ശ്രീ. ജയമോഹൻ.കെ-യുടെ അപേക്ഷ സർക്കാർ വിശദമായി പരിശോധിക്കുകയും ശ്രീ. ജയമോഹൻ.കെ-യ്ക്ക് ട്രെയിനിംഗിന് പങ്കെടുത്തു തുടങ്ങിയ 07.08.2012 പ്രാബല്യത്തിൽ മാത്രം

സ്ഥാനക്കയറ്റം നൽകിയാൽ മതിയെന്ന് 10.05.2022-ലെ GO (Rt) 573/2022/LBR ഉത്തരവ് പ്രകാരം അറിയിക്കുകയും ചെയ്തിട്ടുള്ളതാണ്. ടിയാളുടെ ജൂനിയർ ആയ ജീവനക്കാർ ടിയാൻ വിദേശത്ത് ആയിരുന്ന കാലയളവിൽ ക്രാഫ്റ്റ് ഇൻസ്ട്രക്ടർ ട്രെയിനിംഗിൽ പങ്കെടുത്തിട്ടുള്ളതിനാൽ Rule (6) ന്റെ ആനുകൂല്യം അനുവദിക്കാനാവില്ല.

**8. ശ്രീ. ജോണി വിൻസ്റ്റൺ ജോർജ്ജ് , സീനിയർ ഇൻസ്ട്രക്ടർ, ഐടിഐ ഏറ്റുമാനൂർ**

ജൂനിയർ ഇൻസ്ട്രക്ടർ (മെഷീനിസ്റ്റ്) തസ്തികയിൽ സേവനത്തിലുണ്ടായിരുന്ന ശ്രീ ജോണി വിൻസ്റ്റൺ ജോർജ്ജിനെ എ2/7135/2015 നമ്പരായ 29-07-2016-ലെ ഉത്തരവ് പ്രകാരം സീനിയർ ഇൻസ്ട്രക്ടർ (മെഷീനിസ്റ്റ്) തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകിയിരുന്നു. ടിയാൻ ജൂനിയർ ഇൻസ്ട്രക്ടർ ഗ്രേഡേഷൻ ലിസ്റ്റിൽ ക്രമ നം. 709 ആയി ഉൾപ്പെട്ടിട്ടുണ്ട് . 01-06-2023 വരെയുള്ള സീനിയർ ഇൻസ്ട്രക്ടർമാരുടെ ഗ്രേഡേഷൻ ലിസ്റ്റ് DT/4202/2023-A2 നമ്പർ ഉത്തരവ് പ്രകാരം പ്രസിദ്ധികരിച്ചു. സീനിയർ ഇൻസ്ട്രക്ടർ തസ്തികയിലെ ഗ്രേഡേഷൻ ലിസ്റ്റിൽ ടിയാൻ ഉൾപ്പെട്ടിട്ടില്ല. ടി ലിസ്റ്റിൽ 01-08-2024 പ്രാബല്യത്തിൽ സ്ഥാനക്കയറ്റം നൽകിയവരിൽ ആദ്യത്തെ ആളായി ടിയാൻ ഉൾപ്പെടെണ്ടതായിരുന്നു . ക്രമ.നം. 761 വർഗീസ് വി, ക്രമ നം 762 ജൂബി പീറ്റർ എന്നിവർക്ക് മദ്ധ്യേ **761 A ആയി ജോണി വിൻസ്റ്റൺ ജോർജ്ജിനെ ക്രമീകരിക്കുന്നു.**

**9. ശ്രീമതി. ഷീജ ബാലൻ, സീനിയർ ഇൻസ്ട്രക്ടർ (941)**

സിനിയോരിറ്റി ലിസ്റ്റ് അന്തിമമായി പ്രസിദ്ധികരിച്ച സാഹചര്യത്തിൽ ടി ലിസ്റ്റ് അടുത്തതായി പരിഷ്കരിക്കുമ്പോൾ B-Tech (EEE) യോഗ്യത ചേർക്കുന്നതിനായി നൽകിയ അപേക്ഷ പരിഗണിക്കുന്നതാണ്.

**10. ശ്രീ. ജിജേഷ് കെ പി, സീനിയർ ഇൻസ്ട്രക്ടർ (668)**

Mechanical Engineering Diploma ടിയാൻ 2016 ഏപ്രിലിൽ വിജയിച്ചിട്ടുണ്ട്. ആയത് ഉൾപ്പെടുത്തുന്നതിന് വകുപ്പിൽ നിന്നും ടി കോഴ്സ് പഠിക്കുന്നതിന് ലഭിച്ച NOC –യുടെ പകർപ്പ് ഹാജരാക്കണം. സിനിയോരിറ്റി ലിസ്റ്റ് അന്തിമമായി പ്രസിദ്ധികരിച്ച സാഹചര്യത്തിൽ ടി ലിസ്റ്റ് അടുത്തതായി പരിഷ്കരിക്കുമ്പോൾ ടി യോഗ്യത ചേർക്കുന്നതിനായി നൽകിയ അപേക്ഷ പരിഗണിക്കുന്നതാണ്.

**11. ശ്രീ. പ്രവീൺ.കെ.എ, സീനിയർ ഇൻസ്ട്രക്ടർ (1026)**

2023 നവംബർ-ൽ Diploma in Mechanical Engineering പാസായിട്ടുണ്ട്. ആയത് ചേർക്കണം. പഠിക്കുന്നതിനു നൽകിയ NOC ഹാജരാക്കിയിട്ടുണ്ട്. സിനിയോരിറ്റി ലിസ്റ്റ് അന്തിമമായി പ്രസിദ്ധികരിച്ച സാഹചര്യത്തിൽ ടി ലിസ്റ്റ് അടുത്തതായി പരിഷ്കരിക്കുമ്പോൾ ടി യോഗ്യത ചേർക്കുന്നതിനായി നൽകിയ അപേക്ഷ പരിഗണിക്കുന്നതാണ്.

**12. ശ്രീ. സുബിൻസൺ. സി. കെ, സീനിയർ ഇൻസ്ട്രക്ടർ (959)**

ഏപ്രിൽ 2019 Diploma in CHNM വിജയിച്ചത് ഗ്രേഡേഷൻ ലിസ്റ്റിൽ ചേർക്കണം. പരിശോധനയിൽ ടിയാൻ സേവനത്തിൽ പ്രവേശിച്ചതിന് ശേഷമാണ് ടി യോഗ്യത നേടിയിരിക്കുന്നത്. NOC ഹാജരാക്കിയിട്ടില്ല. സിനിയോരിറ്റി ലിസ്റ്റ് അന്തിമമായി പ്രസിദ്ധികരിച്ച സാഹചര്യത്തിൽ ടി ലിസ്റ്റ് അടുത്തതായി പരിഷ്കരിക്കുമ്പോൾ ടി യോഗ്യത ചേർക്കുന്നതിനായി നൽകിയ അപേക്ഷ പരിഗണിക്കുന്നതാണ്.

**13. ശ്രീമതി. ഷെറീന.ടി.എ, സീനിയർ ഇൻസ്ട്രക്ടർ (1481)**

ശ്രീമതി. ഷെറീന. ടി.എ 21.07.2022-ൽ AMIE മുഖേന സിവിൽ എഞ്ചിനീയറിംഗിൽ ബിരുദം ചേർക്കുന്നതിനുമാണ് അപേക്ഷ നൽകിയിരിക്കുന്നത്. 2014 - summer വരെയുള്ള രജിസ്ട്രേഷൻ പ്രകാരം AMIE യോഗ്യത നേടിയവർക്ക് മാത്രമാണ് ബി ടെക് യോഗ്യതയ്ക്ക് തുല്യത അനുവദിച്ചിട്ടുള്ളത്. ശ്രീമതി. ഷെറീന.ടി.എ സേവനത്തിൽ വന്നതിനുശേഷമാണ് AMIE യോഗ്യത

നേടിയിരിക്കുന്നത്, ആയതിനാൽ ടി യോഗ്യത നേടുന്നതിന് എൻ.ഒ.സി വാങ്ങിയിട്ടുണ്ടോ എന്നും 2014 നോ അതിനു മുൻപോ രജിസ്റ്റർ ചെയ്തിട്ടുണ്ടോ എന്ന് പരിശോധിച്ച് മാത്രമേ ടിയാളുടെ AMIE യോഗ്യത ചേർക്കുന്നതു സംബന്ധിച്ച് തീരുമാനമെടുക്കാൻ സാധിക്കുകയുള്ളൂ. സിനിയോരിറ്റി ലിസ്റ്റ് അന്തിമമായി പ്രസിദ്ധികരിച്ച സാഹചര്യത്തിൽ ടി ലിസ്റ്റ് അടുത്തതായി പരിഷ്കരിക്കുമ്പോൾ ടി യോഗ്യത ചേർക്കുന്നതിനായി നൽകിയ അപേക്ഷ മേൽപറഞ്ഞ വിവരങ്ങൾ ലഭ്യമാക്കുന്നതിന്റെ അടിസ്ഥാനത്തിൽ പരിഗണിക്കുന്നതാണ്.

**<u>14. ശ്രീമതി. ആഷ്‌ലി ജോൺ, സീനിയർ ഇൻസ്ട്രക്ടർ (1479)</u>**

യോഗ്യത Degree in Architectureഎന്നാണ് B Arc എന്ന് തിരുത്തണം. സിനിയോരിറ്റി ലിസ്റ്റ് അന്തിമമായി പ്രസിദ്ധികരിച്ച സാഹചര്യത്തിൽ ടി ലിസ്റ്റ് അടുത്തതായി പരിഷ്കരിക്കുമ്പോൾ ടി യോഗ്യത ചേർക്കുന്നതിനായി നൽകിയ അപേക്ഷ പരിഗണിക്കുന്നതാണ്.

**<u>15. ശ്രീ. വിനോദ് വി, സീനിയർ ഇൻസ്ട്രക്ടർ (889)</u>**

ശ്രീ.വിനോദ് വി-യ്ക്ക് 28/01/2013 ലെ KPSC യുടെ അഡ്വൈസ് പ്രകാരം ജൂനിയർ ഇൻസ്ട്രക്ടർ (ഇൻസ്ട്രുമെന്റ് മെക്കാനിക്) തസ്തികയിലേയ്ക്ക് നിയമന ശിപാർശ ലഭിക്കുകയും ടി തസ്തികയിൽ 25/03/2013-ൽ സേവനത്തിൽ പ്രവേശിക്കുകയും ചെയ്തു. 08/07/2013-ൽ ടിയാന് ജൂനിയർ ഇൻസ്ട്രക്ടർ (ഫിറ്റർ) തസ്തികയിലേയ്ക്ക് നിയമന ശിപാർശ ലഭിക്കുകയും 24/09/2013-ൽ ജൂനിയർ ഇൻസ്ട്രക്ടർ (ഐ-മെക്കാനിക്) തസ്തികയിൽ നിന്നും വിടുതൽ വാങ്ങി ജൂനിയർ ഇൻസ്ട്രക്ടർ (ഫിറ്റർ) തസ്തികയിൽ സേവനത്തിൽ പ്രവേശിക്കുകയും ചെയ്തു. ടിയാന് 28/01/2013 പ്രാബല്യത്തിൽ ജൂനിയർ ഇൻസ്ട്രക്ടർ തസ്തികയിലെ സീനിയോറിറ്റിയും അതിന് ആനുപാതികമായി സീനിയർ ഇൻസ്ട്രക്ടർ തസ്തികയിലെ സീനിയോറിറ്റിയും KS&SSR- Rule 27(C)പ്രകാരം അനുവദിക്കണമെന്നാണ് ശ്രീ.വിനോദ് വി-യുടെ ആവശ്യം.

നിയമന ശിപാർശ നൽകിയതിന് ശേഷമോ നിയമനം ലഭിച്ചതിന് ശേഷമോ തസ്തിക ഇല്ലാതാക്കുകയോ പുന:ക്രമീകരണം ഉണ്ടാകുകയോ ചെയ്യുന്ന സാഹചര്യങ്ങളിൽ ഉദ്യോഗാർത്ഥിയെ സേവനത്തിൽ നിന്നും പിരിച്ചുവിടുകയോ മറ്റൊരു തസ്തികയിൽ നിയമിക്കപ്പെടുകയോ ചെയ്താൽ ടിയാന് ആദ്യ തസ്തകയിലേയ്ക്ക് പുനർനിയമനം ലഭിച്ചാൽ, ടിയാന്റെ സീനിയോറിറ്റി ആദ്യ തസ്തകിയിലെ നിയമന ശിപാർയുടെ തീയതിയായിരിക്കും എന്നതാണ് 27(c )യിലെ വ്യവസ്ഥ. ശ്രീ.വിനോദ് വി കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ മുഖേന നിയമനം ലഭിച്ച തസ്തികയിൽ നിന്നും സ്വമേധയാ വിടുതൽ വാങ്ങി മറ്റൊരു തസ്തികയിലെ നിയമന ശിപാർശ പ്രകാരം സേവനത്തിൽ പ്രവേശിക്കുകയാണ് ചെയ്തത്. ആയതിനാൽ ടിയാന് 27(c)യുടെ ആനുകൂല്യം ലഭിക്കുകയില്ല.

വിവിധ ട്രേഡുകളിലെ ജൂനിയർ ഇൻസ്ട്രക്ടർ തസ്തികകളിലേയ്ക്ക് നിയമന യോഗ്യതയുടെ അടിസ്ഥാനത്തിൽ വെവ്വേറെ യൂണിറ്റുകളായി പരിഗണിച്ച് വെവ്വേറെ റാങ്ക് ലിസ്റ്റുകൾ/ഗ്രഡേഷൻ ലിസ്റ്റ് തയ്യാറാക്കി, ഓരോ ലിസ്റ്റിൽ നിന്നും ബന്ധപ്പെട്ട ട്രേഡിലേയ്ക്ക് മാത്രമാണ് കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ മുഖേനയോ/സ്ഥാനക്കയറ്റം മുഖേനയോ വിവിധ ട്രേഡുകളിലെ ജൂനിയർ ഇൻസ്ട്രക്ടർ തസ്തികകളിലേയ്ക്ക് നിയമനം നടത്തുന്നത്. ഇത്തരത്തിൽ വെവ്വേറെ ലിസ്റ്റുകൾ പ്രകാരം നിയമനം നടത്തുമ്പോൾ ഓരോ നിയമന ശിപാർശ പ്രകാരമുള്ള ഉദ്യോഗാർത്ഥികളുടെ entry cadre സീനിയോറിറ്റി KS&SSR Part I Rule 27 പ്രകാരമാണ് ക്രമീകരിക്കേണ്ടത്. ഒരു നിയമന ശിപാർശ പ്രകാരമുള്ള തസ്തികയിൽ നിന്നും വിടുതൽ വാങ്ങിയ ആൾക്ക് ആ നിയമന ശിപാർശ പ്രകാരം സീനിയോറിറ്റി അനുവദിക്കുന്നതിന് വ്യവസ്ഥയില്ല. എന്നാൽ KS&SSR Rule (8) പ്രകാരം പുനർ നിയമനം ലഭിക്കുന്ന ആൾക്ക് ആദ്യ നിയമനത്തിലെ സീനിയോറിറ്റിയ്ക്ക് വ്യവസ്ഥയുണ്ട്. ശ്രീ.വിനോദ് വി KS&SSR Rule (8) പ്രകാരം പുനർ നിയമനം വാങ്ങിയിട്ടില്ല.

പി.എസ്.സി മുഖേന പുതിയ നിയമനം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ അപേക്ഷ നൽകി വിടുതൽ വാങ്ങി പുതിയ തസ്തികയിൽ സേവനത്തിൽ പ്രവേശിച്ച് സാഹചര്യത്തിൽ സ്വമേധയാ

അപേക്ഷ നൽകി തസ്തിക മാറിയതായി മാത്രമേ പരിഗണിക്കാൻ കഴിയുകയുള്ളൂ. ഭരണപരമായ അടിയന്തര സാഹചര്യത്തിൽ തസ്തികകൾ നിർത്തലാക്കുമ്പോഴോ, ട്രേഡുകൾ നിർത്താലാക്കുമ്പോഴോ ഇത്തരത്തിൽ നിർത്തലാക്കുന്ന തസ്തികകളിലേയോ/ട്രേഡുകളിലേയോ ജീവനക്കാരെ അവരുടെ യോഗ്യതയുടെ അടിസ്ഥാനത്തിൽ പുന:ക്രമീകരിക്കുന്നതിനാണ് KSTSSR - 3(3) –ലെ നോട്ട് (4) പ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. അപേക്ഷ നൽകി ആരെങ്കിലും ഇത്തരത്തിൽ ട്രേഡ് മാറിയാൽ അവരുടെ സീനിയോറിറ്റി അവർ പുതിയ തസ്തികയിൽ സേവനത്തിൽ പ്രവേശിക്കുന്ന തീയതിയിലേയ്ക്ക് ക്രമീകരിക്കുന്നതാണ്.

**16. ശ്രീമതി. മൊഹ്സിന.പി.എം, സീനിയർ ഇൻസ്ട്രക്ടർ (725)**

മെയ് 2024 -ൽ B.Tech Civil Engineering പാസായിട്ടുണ്ട്. ആയത് ചേർക്കണം. പഠിക്കുന്നതിനു നൽകിയ NOC ഹാജരാക്കിയിട്ടുണ്ട്. സിനിയോരിറ്റി ലിസ്റ്റ് അന്തിമമായി പ്രസിദ്ധികരിച്ച സാഹചര്യത്തിൽ ടി ലിസ്റ്റ് അടുത്തതായി പരിഷ്കരിക്കുമ്പോൾ ടി യോഗ്യത ചേർക്കുന്നതിനായി നൽകിയ അപേക്ഷ പരിഗണിക്കാവുന്നതാണ് .

**17. ശ്രീ.സത്യപ്രകാശ് ബാബു. സി.പി, സീനിയർ ഇൻസ്ട്രക്ടർ (829)**

അന്തിമ ഗ്രഡേഷൻ ലിസ്റ്റിൽ ശ്രീ.സത്യപ്രകാശ് ബാബു. സി.പി യുടെ പേരിന് നേരെയുള്ള റിമാർക്സ് കോളത്തിൽ ടിയാൻ Retired എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ആയത് തിരുത്തൽ വരുത്തണമെന്ന് അപേക്ഷിച്ചിരിക്കുന്നു. ടിയാൻ സേവനത്തിൽ തുടരുന്നതിനാൽ Retired എന്ന് രേഖപ്പെടുത്തിയിരിക്കുന്നത് ഒഴിവാക്കി ഉത്തരവാകുന്നു.

**18. താഴെപ്പറയുന്ന ജീവനക്കാർ ഗ്രഡേഷൻ ലിസ്റ്റിൽ അവർ സി.ഐ.ടി.എസ് വിജയിച്ച വിവരങ്ങൾ ചേർക്കുന്നതിനായി അപേക്ഷ നൽകിയിരിക്കുന്നു**

| ക്രമ നം | ജീവനക്കാരൻറെ പേര് | ഗ്രഡേഷൻ ലിസ്റ്റിലെ ക്രമ നം. | സി.ഐ.ടി.എസ് വിജയിച്ച വിവരം |
|---|---|---|---|
| 1 | അഭിലാഷ്. എ | 976 | 2018 ആഗസ്റ്റ് |
| 2 | സാമുവൽ വർഗ്ഗീസ് | 1239 | 2018 ആഗസ്റ്റ് |
| 3 | സീമ. എ.എൽ | 1354 | 2019 ജൂലൈയ് |
| 4 | സുരേഖ. എസ് | 1439 | 2023 ആഗസ്റ്റ് |
| 5 | മണി. വി | 1450 | 2023 ആഗസ്റ്റ് |
| 6 | ഷാനിത. എസ് | 1029 | 2023 ആഗസ്റ്റ് |
| 7 | ആന്റണി. ജോസഫ് | 994 | 2016 ജൂലൈ |
| 8 | പ്രദീഷ്. പി.പി | 1470 | 2023 ആഗസ്റ്റ് |
| 9 | ജോൺസൺ ജോർജ് | 1179 | 2019 ജൂലൈ |
| 10 | രേഖ. കെ.സി | 832 | 2015 ഏപ്രിൽ |

| | | | |
|---|---|---|---|
| 11 | ജഗന്നാഥ്. കെ.ആർ | 754 | 2015 ജൂലൈ |
| 12 | സുബിന. കെ | 1031 | 2023 ആഗസ്റ്റ് |
| 13 | സത്യൻ. വിബി | 844 | 2015 ഏപ്രിൽ |
| 14 | ബിന്ദു .കെ.എൻ | 1088 | 2017 സെപ്റ്റംബർ |
| 15 | നജീബാജാൻ. കെ.എ | 870 | 2017 സെപ്റ്റംബർ |
| 16 | ഷീജ. റ്റി.എ | 1011 | 2023 ആഗസ്റ്റ് |
| 17 | ബിജുമോൻ.സി.ആർ | 1306 | 2023 ആഗസ്റ്റ് |
| 18 | രാജേഷ്. വി | 1411 | 2023 ആഗസ്റ്റ് |
| 19 | ഫ്രാൻസിസ് എം.ഡി | 913 | 2016 ജൂലൈ |
| 20 | ശരൺ ലാൽ. കെ.എൻ | 1407 | 2023 ആഗസ്റ്റ് |
| 21 | ഷൈൻ. ഇ.എസ് | 1321 | 2023 ആഗസ്റ്റ് |
| 22 | ഷജീറ.എ.എസ് | 1333 | 2023 ആഗസ്റ്റ് |
| 23 | ശേഖ. കെ.എസ് | 1397 | 2023 ആഗസ്റ്റ് |
| 24 | രജിത. സി.വി | 1445 | 2023 ആഗസ്റ്റ് |
| 25 | ലിയ ആന്റോ | 1493 | 2023 ആഗസ്റ്റ് |
| 26 | സോളി എം.എ | 963 | 2016 ജൂലൈ |
| 27 | അഭിഭദ്രൻ | 1270 | 2019 ജൂലൈ |
| 28 | മോഹൻരാജ്. വി | 923 | 2017 സെപ്റ്റംബർ |
| 29 | ജിനുദാസ്. വി | 904 | 2016 ജൂലൈ |
| 30 | ശ്രീകുമാർ.ജെ | 1377 | 2014 ജൂലൈ |
| 31 | ശ്രീകുമാർ.ബി. | 1041 | 2017 സെപ്റ്റംബർ |
| 32 | റാണി. ബി.ആർ | 1083 | 2017 സെപ്റ്റംബർ |
| 33 | മനോജ്. റ്റി.എസ് | 1045 | 2018 ആഗസ്റ്റ് |
| 34 | ശ്രീപ്രഭ. പി.എ | 2023 | 2023 ആഗസ്റ്റ് |

| | | | |
|---|---|---|---|
| 35 | ഹെലൻ.എസ് | 1397 | 2019 ജൂലൈ |
| 36 | രഞ്ജിത്ത്. ആർ | 1216 | 2019 ജൂലൈ |
| 37 | ബിൻസി. കെ.വി | 1342 | 2019 ജൂലൈ |
| 38 | രേണുക. സി | 1032 | 2023 ആഗസ്റ്റ് |
| 39 | ലക്ഷ്മി. പി | 1065 | 2017 സെപ്റ്റംബർ |
| 40 | അൻഷാജ് ബഷീർ | 1046 | 2018 ഫെബ്രുവരി |
| 41 | ജാഫർ ജമാൽ | 1517 | 2023 ആഗസ്റ്റ് |
| 43 | മുഹമ്മദ് ഷഫീഖ് വി | 1121 | 2017 സെപ്റ്റംബർ |
| 44 | ആർബി ജോൺസൺ | 907 | 2017 സെപ്റ്റംബർ |
| 45 | അരുൺ കുമാർ പി ഡി | 1116 | 2017 സെപ്റ്റംബർ |
| 44 | സുഭാഷ് കെ വി | 966 | 2017 സെപ്റ്റംബർ |
| 45 | റോബി സി ഐസക്ക് | 1035 | 2022 ജൂൺ |
| 46 | അനൂപ് ചന്ദ്രൻ | 1035 | 2023 ആഗസ്റ്റ് |
| 47 | വിജിമോൾ കെ വി | 1213 | 2023 ആഗസ്റ്റ് |
| 48 | ഗോപാലകൃഷ്ണൻ കെ ആർ | 1534 | 2023 ആഗസ്റ്റ് |
| 49 | മനോജ് കുമാർ കെ | 836 | 2015 ഏപ്രിൽ |
| 50 | സുരേഷ് ബാബു പി വി | 1218 | 2018 ആഗസ്റ്റ് |
| 51 | ബിജേഷ് ജെറാൾഡ് | 731 | 2014 ഒക്ടോബർ |
| 52 | ഗിരീഷ് ടി വി | 1137 | 2019 ജൂലൈ |
| 53 | രാജു പി | 1155 | 2019 ജൂലൈ |
| 54 | ശിവകുമാർ കെ എൻ | 1524 | 2023 ആഗസ്റ്റ് |
| 55 | രാജേഷ് എം | 745 | 2015 ജൂലൈ |
| 56 | രാജേഷ് എ | 1023 | 2019 ജൂലൈ |
| 57 | കേശവൻ കെ | 891 | 2016 ജൂലൈ |

| | | | |
|---|---|---|---|
| 58 | വിനേഷ് പി ആർ | 1508 | 2023 ആഗസ്റ്റ് |
| 59 | സുധിനലക്ഷ്മി ടി വി | 863 | 2018 ആഗസ്റ്റ് |
| 60 | രമണി എം | 883 | 2016 ജൂലൈ |
| 61 | വിനീത് വി | 1506 | 2023 ആഗസ്റ്റ് |
| 62 | സുബിൻസൺ സി കെ | 959 | 2015 ആഗസ്റ്റ് |
| 63 | ഷറീന ടി എ | 1481 | 2023 ആഗസ്റ്റ് |
| 64 | ദീപ രാജു | 1445 | 2023 ആഗസ്റ്റ് |
| 65 | സുനിത ഇ കെ | 1441 | 2023 ആഗസ്റ്റ് |

ഗ്രഡേഷൻ (സിനിയോരിറ്റി) ലിസ്റ്റ് അന്തിമമായി പരാമർശം (1) പ്രസിദ്ധികരിച്ച സാഹചര്യത്തിൽ ടി ലിസ്റ്റ് അടുത്തതായി പരിഷ്കരിക്കുമ്പോൾ ടി യോഗ്യതകൾ കൂടി ചേർത്ത് പരിഷ്കരിക്കുന്നതാണ്.

പരാമർശം (1) പ്രകാരമുള്ള ഗ്രഡേഷൻ ലിസ്റ്റിലെ സീനിയോരിറ്റി പുനഃക്രമീകരിക്കേണ്ട സാഹചര്യമില്ലാത്തതിനാൽ മുകളിൽ രേഖപ്പെടുത്തിയിരിക്കുന്ന മാറ്റങ്ങളോടെ പരാമർശം (1) ലിസ്റ്റ് നിലനിൽക്കുന്നതാണ്.

**ഷമ്മി ബേക്കർ.എ**
**ജോയിന്റ് ഡയറക്ടർ ഓഫ് ട്രെയിനിംഗ്**

Signed by
Shammi Baker A
Date: 26-07-2024 21:27:25

സ്വീകർത്താവ് :- എല്ലാ ഐടിഐ പ്രിൻസിപ്പാൾമാർക്ക്

പകർപ്പ് :- വകുപ്പ് വെബ് സൈറ്റ് (പ്രസിദ്ധീകരിക്കുന്നതിലേക്ക്)